കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്-2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1686/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-1
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 17.01.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം: എടക്കാട് ബ്ലോക്ക് പഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

--------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1686/2019 തീയ്യതി : 17.01.2020

# കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ

# വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 21.10.18 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ബി സന്തോഷ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.10.19മുതൽ 26.10.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബാബുരാജ് എം ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.വിപിന വത്സരാജ് , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. എം.സി മോഹനൻ | 01-04-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീമതി ഷൈലജ.ഇ | 01-04-2018 മുതൽ 31-5-2018 വരെ |
| | ശ്രീമതി ഷൈലജ.ആർ | 31.05-2018 മുതൽ 13-06-2018 വരെ |
| | ശ്രീ. ഉത്തമൻ.ബി | 13-06-2018 മുതൽ 22-11-2018 വരെ |
| | ശ്രീമതി ആയിഷ | 22-11-2018 മുതൽ 03-12-2018 വരെ |
| | ശ്രീ. ഉത്തമൻ.ബി | 03-12-2018 മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.മനോജ്കുമാർ അക്കോട്ടില്ലം | 1-4-2018മുതൽ 08-06-2018വരെ |
| | ശ്രീമതി രശ്മി.എസ് | 08.06.2018 മുതൽ |

| | | |
|---|---|---|
| | | 31-03-2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. നിജേഷ്.സി (അധികച്ചുമതല) | 01.04.18 മുതൽ 14.06.18 വരെ |
| | ശ്രീ. ശ്രീരാഗ്.എം.പി | 15.06.18 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി പത്മം.എം.കെ | 1-4-2018മുതൽ<br>31-03-2019വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. സുനിൽകുമാർ.എം.പി | 1-4-2018മുതൽ<br>31-03-2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ബീന.കെ.പി | 01.04.18 മുതൽ 18.09.18 വരെ |
| | ശ്രീ. ജയൻ.എം.വി | 19.09.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ CHC | ശ്രീമതി സോനു.ബി. നായർ | 1-4-2018മുതൽ<br>31-03-2019വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി സുലേഖ.ടി.എസ് | 1-4-2018മുതൽ<br>23-09-2018വരെ |
| | ശ്രീമതി വിലാസിനി കക്കോത്ത് | 24-09-2018മുതൽ<br>20-11-18 വരെ |
| | ശ്രീമതി സുലേഖ.ടി.എസ് | 21-11-2018മുതൽ<br>31-03-2019വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ, അഡീഷണൽ | ശ്രീമതി സുഷമ.കെ | 1-4-2018മുതൽ<br>17-07-2018വരെ |
| | ശ്രീമതി ലീന കോട്ടായി | 18-07-2018മുതൽ<br>24-07-2018വരെ |
| | ശ്രീമതി നിഷ. പാലത്തടത്തിൽ | 25-07-2018മുതൽ<br>31-03-2019വരെ |
| ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിനോദ്കുമാർ നരിക്കോടൻ | 1-4-2018മുതൽ<br>31-03-2019വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജററ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-10 |
| 11 | കെട്ടിട വാടക : ₹ 7,61,738 കുടിശ്ശിക | 1-11 |
| 12 | മുറികൾ വാടകയ്ക്കെടുത്തവർ വാടക ഒടുക്കുന്നില്ല | 1-12 |
| 13 | മുതിർന്ന പൗരൻമാർക്ക് മാനസിക ആരോഗ്യ സദസ്സുകൾ-ചിരിയോഗ പരിശീലനം: ചെലവുകൾ മാർഗ്ഗരേഖാവിരുദ്ധം | 1-13 |
| 14 | സ്വയംസഹായ സംഘങ്ങൾക്ക് ആസ്തികൾ വാങ്ങുന്നതിന് ധനസഹായം (വനിത)-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ് | 1-14 |
| 15 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇരിവേരിക്ക് സോളാർ പാനൽ സ്ഥാപിക്കൽ :നിലവിലെ വിവരം ലഭ്യമല്ല | 1-15 |
| 16 | എച്ച്. എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നത് സംബന്ധിച്ച് | 1-16 |
| 17 | പാലിയേറ്റീവ് കെയർ- ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രമില്ല | 1-17 |
| 18 | സി.എച്ച്.സി ഇരിവേരിയിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 1-18 |
| 19 | ബാലസൗഹൃദ അംഗൻവാടി സജ്ജീകരിക്കുന്നതിന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രമില്ല | 1-19 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-20 |
| 21 | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്യൽ-കളക്ഷൻ തുക ഈടാക്കിയിട്ടില്ല | 1-21 |
| 22 | ഇ ടെൻഡർ - ടെൻഡർ ഫോറങ്ങളുടെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടില്ല | 1-22 |
| 23 | സുജലം പദ്ധതി-ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 24 | ദിവസവേതനം-ജീവനക്കാരുടെ മസ്റ്റർ റോൾ സൂക്ഷിക്കേണ്ടതാണ്. | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി- പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ തുക തിരികെ ഒടുക്കേണ്ടതാണ്. | 1-25 |
| 26 | "ഭവനനിധി" പദ്ധതി- പ്രായോഗികത പരിശോധിക്കേണ്ടതാണ്. | 1-26 |
| 27 | പരസ്യചാർജ്- അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 28 | വ്യവസായ കേന്ദ്രം-വസ്തുനികുതി- ആവശ്യമായ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ് | 1-28 |
| 29 | ആദായനികുതി ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് അനുവദനീയമല്ല | 1-29 |
| 30 | പെരളശ്ശേരി വാതക ശ്മശാനം-പശ്ചാത്തല സൗകര്യം ഏർപ്പെടുത്തൽ-പ്രോജക്ടിന്റെ പൂർത്തീകരണം സംബന്ധിച്ച്- | 1-30 |
| | | |

| | | |
|---|---|---|
| 31 | ലൈഫ് മിഷൻ- ബ്ലോക്ക് വിഹിതമായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച്- | 1-31 |
| 32 | ഇലക്ട്രിക്ക്/ഇലക്ട്രോണിക് ഉപകരണങ്ങൾ-വാങ്ങലുകളും സർവീസിങ്ങും സംബന്ധിച്ച്. | 1-32 |
| ഭാഗം 2 | | |
| വരവ്-**വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| **ഇല്ല** | | |
| ഭാഗം 3 | | |
| **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| **ഇല്ല** | | |
| ഭാഗം 4 | | |
| **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**ആമുഖം** | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 38 | സ്ഥിരനിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 41 | ചാർജ് /സർചാർജ്നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 45 | റസീറ്റ് & പെയ്മെന്റ്സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 46 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജററ്

2018-19 ലെ ബജറ്റ് 20/03/2018 ലെ 48/2018 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത്₹ | വാർഷിക കണക്ക് പ്രകാരമുള്ളത്₹ | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 15683400 | 13724377 | | 1959023 |
| വരവ് | 156458000 | 58586030 | | 97871970 |

| | | | | |
|---|---|---|---|---|
| ആകെ | 172141400 | 72310407 | | 99830993 |
| ചെലവ് | 156417600 | 59440740 | | 96976860 |
| നീക്കിയിരിപ്പ് | 15723800 | 12869667 | | 2854133 |

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 15.05.2019 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2018-19 |
| മുന്നിരിപ്പ് | 13724377 |
| വരവ് | 58586030 |
| ആകെ | 72310407 |
| ചെലവ് | 59440740 |
| നീക്കിയിരിപ്പ് | 12869667 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 45301000 | 45301000 | 40888736 | 4412264 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3473000 | 3473000 | 3473000 | - |
| വികസന ഫണ്ട്- | 0 | 209000 | 209000 | - | 209000 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5079000 | 5079000 | 4491428 | 587572 |
| സാക്ഷരത | 2201 | 89 | 2290 | | 2290 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 3412332 | - | 3412332 | 1500000 | 1912332 |
| തനത് ഫണ്ട് ട്രഷറി അക്കൗണ്ട് | 6500367 | 629787 | 12798237 | 4838091 | 7960146 |
| EAS | 166413 | 6757 | 173170 | - | 173170 |
| ICDS | 982509 | - | 982509 | 85731 | 896778 |
| TSC | 447857 | 68293 | 516150 | 42308 | 473842 |
| Nirmal | 406710 | | 406710 | | 406710 |
| IAY (അഡ്മിനിസ്ട്രേറ്റീവ്) | 63051 | 2495 | 65546 | 2430 | 63116 |
| IAY Central share | 312102 | 2687898 | 3000000 | 3000000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % | |
|---|---|---|---|---|---|---|---|
| 90 | 77264100 | 79 | 51394560 | 18 | 2 | 80 | |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | | | |
| 1 | സെക്രട്ടറി | 23 | 22 | 17604862 | 14502658 | 88.15 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 14 | 13 | 22989119 | 10937676 | 47.58 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 17 | 14 | 8276250 | 5297120 | 64.00 |
| 4 | അസിസ്റ്റന്റ് | 5 | 5 | 5410000 | 3337000 | 61.68 |

| | | | | | | |
|---|---|---|---|---|---|---|
| | ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | | | | | |
| 5 | പട്ടികജാതി വികസന ഓഫീസർ | 3 | 2 | 2250000 | 1500000 | 66.66 |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 5900000 | 3550000 | 60.17 |
| 7 | ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 6542198 | 4302198 | 65.76 |
| 8 | മെഡിക്കൽ ഓഫീസർ CHC | 8 | 8 | 3347847 | 3296272 | 98.46 |
| 9 | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 9 | 7 | 4943824 | 4671636 | 94.49 |
| | ആകെ | 90 | 79 | 77264100 | 51394560 | |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3689 | 244340 | 248029 | 244340 | 3689 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |
| ആകെ | 3689 | 244340 | 248029 | 244340 | 3689 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-2019ന് വൈകുന്നേരം 3.20ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.02.2015 | 2010-11 - 2013-14 | 22.08.2015 |
| പെർഫോമൻസ് | 10.12.2018 | 01.04.2017 | 03.06.2019 |

| ഓഡിറ്റ് | | -31.03.2018 | |
|---|---|---|---|

# 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഉത്തരവാദിത്തങ്ങൾ ഉദ്യോഗസ്ഥർക്കിടയിൽ ഫലപ്രദമായി നിർവഹിക്കപ്പെട്ടിട്ടുണ്ട്. ജോലി നിർവഹണത്തിലെ പുരോഗതി കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിങ്ങ് ചേർന്ന് വിലയിരുത്തിരുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ട്.

# 1-10 വാർഷികകണക്കുകളിലെ അപാകങ്ങൾ

1) Rent from buildings (I-3)ൽ ലഭിച്ച തുകയ്ക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) ACR പ്രകാരം ലഭിച്ച മെയിന്റനൻസ് ഗ്രാന്റ് തുകയും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല.

3) I-6 ഷെഡ്യൂളിലെ Indira Awas Yojana (ശീർഷകം - 160100608) എന്നതിൽ രേഖപ്പെടുത്തിയ തുകയ്ക്ക് ആധികാരികമായ രേഖകളില്ല.

4) B-7 ഷെഡ്യൂളിലെ തുകയ്ക്ക് ആധാരമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും I-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1) കെ.ചന്ദ്രൻ 2, 100/- രൂപ രശീത് നമ്പർ - 1256/26 തീയതി 17.08.18 2) നളിനാക്ഷൻ പി. 4796/- രൂപ രശീത് നമ്പർ - 11803010 3) ടി.കെ. രാജൻ 3562/- രൂപ രശീത് നമ്പർ 1256/30 തീയതി 7.11.18 4) ഗോപാലൻ 396/- രൂപ രശീത് നമ്പർ - 118030100064 തീയതി 7.12.18.

# 1-11 കെട്ടിട വാടക : ₹ 7,61,738 കുടിശ്ശിക

എടക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം കെട്ടിടങ്ങളുടെ വാടകയിനത്തിൽ തൻവർഷ വരവ് ₹6,77,432 ഉം കുടിശ്ശിക വരവ് ₹ 3,52,332 യും ചേർത്ത് 10,29,764 രൂപ വരവുള്ളതായാണ് സ്ഥാപനത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക RP-43 ഷെഡ്യൂൾ പ്രകാരം കാണുന്നത്. ഓഡിറ്റ് എൻക്വയറി നമ്പർ 18 നുള്ള മറുപടി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വാടക ലഭിക്കുന്ന കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ പേര് | മുറികളുടെ എണ്ണം |
|---|---|
| കൊയ്യോട് മിനി വ്യവസായ കേന്ദ്രം | 16 |
| ഷോപ്പിംഗ് കോംപ്ലക്സ് ,ചാല | 5 |
| SHG കെട്ടിടം ,ചക്കരക്കൽ | 4 |
| ആകെ മുറികൾ | 25 |

മേൽ 25 മുറികളും വാടകക്ക് നൽകിയിരിക്കുന്നതായാണ് അറിയിച്ചിരിക്കുന്നത്. മൂന്ന് കെട്ടിടങ്ങളിലെയും മുറികൾ വാടകക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്.

വാടകവരവിന്റെ പരിശോധനക്കായി 4 രജിസ്റ്ററുകൾ ഹാജരാക്കുകയുണ്ടായി. എന്നാൽ രജിസ്റ്ററുകളിൽ വിവരങ്ങൾ പൂർണ്ണമായും കൃത്യമായും എഴുതിച്ചേർത്തിട്ടില്ല. എൻക്വയറിക്ക് നൽകിയ മറുപടിയിൽ പറഞ്ഞ പ്രകാരമുള്ള മുഴുവൻ മുറികളുടേയും വാടക ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ചുറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. 2018-19 ലെ വാടകവരവിന്റെ ഡിമാന്റ്,കലക്ഷൻ,ബാലൻസ് സംഗ്രഹം എഴുതിത്തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

സ്ഥാപനത്തിന്റെ 2018-19 വർഷത്തെ വാർഷികധനകാര്യപത്രികയുടെ I-3 ഷെഡ്യൂൾ പ്രകാരം വാടകഡിമാന്റ് 8,26,059 രൂപയാണ്.RP-43 പ്രകാരം കലക്ഷൻ 6,77,432 രൂപയും .1,48,627 രൂപ തൻവർഷം വാടകയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.കൂടാതെ മുൻവർഷങ്ങളിലെ കുടിശ്ശികയായി 6,13,111 രൂപയും പിരിഞ്ഞുകിട്ടാനുണ്ട്.(B-15 ഷെഡ്യൂൾ പ്രകാരം)..കൊയ്യോട് മിനിവ്യവസായകേന്ദ്രത്തിലെ 8 മുറികൾ ശ്രീ.പി.പി ജുനൈദ് ,പുത്തൻപുരയിൽ ഹൗസ്,മേരിക്കുന്ന്,കോഴിക്കോട് എന്നവർക്ക് മാസവാടകക്ക് കൊടുത്തതിൽ 2013 ഡിസംബർ മുതൽ വാടക കുടിശ്ശികയായതിനാലാണ് ഇത്രയും തുക പിരിഞ്ഞുകിട്ടാനുള്ളതെന്നും ആയത് റവന്യൂ റിക്കവറിയിലൂടെ പിരിച്ചെടുക്കാനുള്ള നടപടി പുരോഗമിക്കുകയാണെന്നും എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി. ബൈലോ പ്രകാരം മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശിക അനുവദിക്കുന്നതല്ലെന്ന് പറഞ്ഞിട്ടുണ്ട്. മാസവാടക നിശ്ചിതസമയത്തിനുള്ളിൽ അടക്കാതിരുന്നാൽ മുറി തുടർന്ന് ഉപയോഗിക്കാനുള്ള അവകാശം റദ്ദ് ചെയ്യാൻ സെക്രട്ടറിക്ക് അധികാരമുണ്ട്. എന്നിരിക്കെ 2013 മുതൽ കുടിശ്ശിക വരുത്തിയ ടിയാനെ തുടർന്ന് മുറി ഉപയോഗിക്കാൻ അനുവദിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. കുടിശ്ശിക എത്രയും പെട്ടെന്ന് പിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-12 മുറികൾ വാടകയ്ക്കെടുത്തവർ വാടക ഒടുക്കുന്നില്ല

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള SHG കെട്ടിടം ,ചക്കരക്കല്ലിലെ നാല് മുറികളിലൊന്ന് (റൂം നമ്പർ 876 )വാടകക്ക് നൽകിയിരിക്കുന്നത് അനുഗ്രഹ ലതർ വർക്സ് എന്ന സ്ഥാപനത്തിനാണ്. 2018-19 വർഷം മുറി തുടർന്നും ഉപയോഗിക്കുന്നതിന് സ്ഥാപനത്തിന്റെ സെക്രട്ടറി ബേബി സുരജ,പ്രസിഡണ്ട് കെ.മഹിജ എന്നിവർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി 25-05-18 കരാർ പുതുക്കിയിട്ടുണ്ട്. ശേഷം 06-10-18 ന് 2017 ഒക്ടോബർ മുതൽ 2018 മാർച്ച് വരെയുള്ള വാടകക്കുടിശ്ശിക 3600 രൂപയും (600x6) 2018 ഏപ്രിലിലെ വാടക 630 രൂപയും പലിശസഹിതം ഒടുക്കിയിട്ടുണ്ട്. 2018 മെയ് മുതൽ ഇത് വരെയുള്ള (2019 ഒക്ടോബർ) വാടക ഒടുക്കിയതായി കാണുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 30/361 E(മാസവാടക 4767+GST 858),31/361 F(മാസവാടക2729 +GST 491) എന്നീ മുറികൾ വാടകക്ക് നൽകിയിരിക്കുന്നത് ശ്രീ.സന്ധ്യ കെ,നിർമ്മാല്യം,എളയാവൂർ എന്നയാൾക്കാണ്. 30-04-2018 ന് ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ രണ്ട് മുറികളുടെയും വാടക ഇതുവരെയായി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടില്ലെന്നാണ് പരിശോധനയിൽ മനസ്സിലായത്.

ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ശ്രീ പി.വി ലക്ഷ്മണൻ ,സുപ്രഭാതം ഹൗസ് എന്നയാൾക്ക് വാടകക്ക് നൽകിയ മുറി (നമ്പർ ലഭ്യമല്ല) 30-11-2018 ന് കൈവശക്കാരൻ ഒഴിവായിട്ടുള്ളതാണ്. ശ്രീ.ടി.പി പാവന എന്നയാൾക്ക് വാടകക്ക് നൽകിയ മുറി (c p XVII 326 E) 31-07-18 ന് ഒഴിഞ്ഞിട്ടുള്ളതാണ്. ഈ രണ്ട് മുറികളും പുനർലേലം നടത്തി വാടകക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല

മേൽ അപാകങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 25 തീയ്യതി : 25-10-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മുറികൾ മാസവാടകക്കെടുത്ത് വാടക ഒടുക്കാതെ കൈവശം വച്ചിരിക്കുന്നവരിൽ നിന്നും വാടക പലിശസഹിതം ഈടാക്കേണ്ടതും മുറികൾ പുനർലേലം നടത്തി വാടകക്ക് നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-13 മുതിർന്ന പൗരൻമാർക്ക് മാനസിക ആരോഗ്യ സദസ്സുകൾ-ചിരിയോഗ പരിശീലനം: ചെലവുകൾ മാർഗ്ഗരേഖാവിരുദ്ധം - ചെലവ് തുക ₹1896140 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.പി.ഒ, എടക്കാട് അഡീഷണൽ

പ്രൊജക്ട് നമ്പർ : 36/19

പ്രൊജക്ടിന്റെ പേര് :മുതിർന്ന പൗരൻമാർക്ക് മാനസിക ആരോഗ്യ സദസ്സുകൾ

അടങ്കൽ : ₹1896140 വികസനഫണ്ട്, ₹50000 തനത് ഫണ്ട്

ചെലവ് : ₹1896140

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലെ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങളുടെ മാനസികാരോഗ്യത്തിനും സാംസ്കാരിക ഉണർവ്വിനും സഹായകമാകുന്ന യോഗ ക്ലാസ്സുകൾ ,കലാസാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 10 കേന്ദ്രങ്ങളിലായി പരിപാടി സംഘടിപ്പിക്കാനാണ് ഉദ്ദേശിച്ചത്. പദ്ധതി നടത്തിപ്പിനായി വികസനഫണ്ടിൽ നിന്നും ₹1896140 ചെലവഴിക്കുകയുണ്ടായി.ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | തുക | ബിൽ നമ്പർ&തീയ്യതി | ചെലവ് |
|---|---|---|---|
| 1 | 11,54,943 | 4/18-19/31.12.18 | കോട്ടൺ കിടക്കവിരി വിതരണം |
| 2 | 1,44,340 | 6/18-19/20.03.19 | ഭക്ഷണം,ഹരിശ്രീ വനിത യൂണിറ്റ് ഹോട്ടൽ,ചാല |
| 3 | 1,40,700 | 7/18-19/20.03.19 | ഭക്ഷണം,ലീല കാറ്ററിംഗ് സർവീസ്,വലിയന്നൂർ |
| 4 | 1,29,780 | 11/18-19/23.03.19 | ഭക്ഷണം,ഭാരതി ഹോട്ടൽ,ഐവർകുളം |
| 5 | 6,000 | 10/18-19/15.03.19 | ക്യാമ്പിന് ബാനർകെട്ടിയതിന്,CHUM ART HOUSE |
| 6 | 69,835 | 8/18-19/15.03.19 | സ്വാഗത് ലൈറ്റ് &സൗണ്ട് ,മുണ്ടേരിമൊട്ട |
| 7 | 80,500 | 14/18-19/15.03.19 | ഭക്ഷണം,ഒരുമ കാറ്ററിംഗ് യൂണിറ്റ് ,ചേലേരി |
| 8 | 4,605 | 13/18-19/15.03.19 | പ്രിന്റിംഗ് ചാർജ്, എടക്കാട് പ്രിന്റിംഗ് &കോ-ഓപ് സൊസൈറ്റി |
| | | | |

| | | | |
|---|---|---|---|
| 9 | 94,780 | 12/18-19/15.03.19 | ഭക്ഷണം,നവഭാവന വനിത ഹോട്ടൽ |
| 10 | 70,657 | 9/18-19/15.03.19 | സ്റ്റാർ ലൈറ്റ്&സൗണ്ട് |
| **ആകെ** | **₹1896140** | | |

ഈ പ്രൊജക്ടിന്റെ ഭാഗമായി പങ്കെടുത്ത 4215 വ്യക്തികൾക്ക് സിംഗിൾ കോട്ട് കോട്ടൻ ബെഡ്ഷീറ്റുകൾ നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമത്തിലൂടെ ഷീറ്റൊന്നിന് ₹260.96 നിരക്കിൽ ₹11,54,943 ന് കെ.കുഞ്ഞിരാമൻ &സൺസ് , വസ്ത്രവ്യാപാരം ,പഴയബസ് സ്റ്റാന്റ്,പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ബെഡ്ഷീറ്റുകൾ വാങ്ങിയത്. വിവിധ കേന്ദ്രങ്ങളിലായി നടന്ന പരിശീലന പരിപാടികളിൽ ഭക്ഷണവിതരണം നടത്തിയ വകയിൽ ₹5,90,100 രൂപ ചെലവഴിച്ചിട്ടുണ്ട്. 60 വയസ്സ് കഴിഞ്ഞ വയോജനങ്ങളുടെ മാനസികാരോഗ്യത്തിനും സാംസ്കാരിക ഉണർവ്വിനും സഹായകമാകുന്ന യോഗ ക്ലാസ്സുകൾ ,കലാസാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നതെങ്കിലും ചിരിയോഗ പരിശീലനമാണ് നൽകിയിരിക്കുന്നത്. ഇത് അംഗീകൃതയോഗാശാസ്ത്ര ശാഖയാണോ എന്നത് വ്യക്തമല്ല.

2018-19 വർഷത്തെ വാർഷിക പദ്ധതികൾക്കുള്ള സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ(കൈ) നം.22/2018/ ത.സ്വ.ഭ.വ/ 14-02-18) ഖണ്ഡിക 7.5.5 പ്രകാരം വയോജനങ്ങൾക്ക് ആയുഷുമായി ചേർന്ന് യോഗപരിശീലനം നൽകാവുന്നതാണ്. പ്രസ്തുത പരിശീലനത്തിനായി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ചെലവ് ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000രൂപയാണ്. അംഗീകൃത സർവ്വകലാശാലയിൽ BNYS ബിരുദമോ തത്തുല്യ യോഗ്യത/യോഗ അസോസിയേഷൻ /സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയുള്ളവരെ പരിശീലകരായി നിയോഗിക്കാവുന്നതാണ്. ഇത് പ്രകാരം യോഗ്യതയുള്ളവരെയാണോപരിശീലകരായി നിയമിച്ചതെന്ന് വ്യക്തമല്ല.

ആയുഷുമായി ചേർന്നാവണം പദ്ധതി നടപ്പാക്കേണ്ടത് എന്ന മാർഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഒരു പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ സർക്കാറിൽ നിന്നു മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ഇത്തരത്തിൽ അനുമതി വാങ്ങിയതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. 2017-18 വർഷത്തിൽ ഇതേ പേരിലുള്ള പ്രോജക്ട് നടപ്പാക്കിയതു സംബന്ധിച്ച് ആ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

സുലേഖ സോഫ്റ്റ് വെയർ പ്രകാരം ലഭ്യമായ പദ്ധതി ചെലവ് രേഖയിൽ പദ്ധതിക്കായി 50,000 രൂപ തനത് ഫണ്ട് വകയിരുത്തിയതായും 34,562 രൂപ ചെലവഴിച്ചതായും കാണുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പ്രോജക്ടിൽ തനത് ഫണ്ട് വകയിരുത്തിയത് 610 രൂപ മാത്രമാണ്. തനത് ഫണ്ടിൽനിന്നുള്ള യഥാർത്ഥ ചെലവ് എത്രയെന്ന് വ്യക്തമാക്കാനും ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. 19 ലക്ഷത്തോളം രൂപ ചെലവഴിച്ച് മുതിർന്ന പൗരന്മാർക്കായി ഏതാനും മണിക്കൂറുകൾ മാത്രം നീണ്ടുനിന്ന ഈ പരിശീലന പരിപാടിയിലൂടെ ചെലവിന് ആനുപാതികമായ നേട്ടം ഉണ്ടായതായി വ്യക്തമാകുന്നില്ല. പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് ബെഡ് ഷീറ്റ് വിതരണം വിതരണം ചെയ്യലും പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്ന നടപടിയല്ല.പദ്ധതിയുടെ നടത്തിപ്പ് , മാർഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ചെലവു തുകയായ 1896140/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-14 സ്വയംസഹായ സംഘങ്ങൾക്ക് ആസ്തികൾ വാങ്ങുന്നതിന് ധനസഹായം (വനിത)-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 5 |
| പ്രോജക്ടിന്റെ പേര് | സ്വയംസഹായ സംഘങ്ങൾക്ക് ആസ്തികൾ വാങ്ങുന്നതിന് ധനസഹായം (വനിത) |
| അടങ്കൽ | ₹33,00,000വികസനഫണ്ട്<br>₹ 11,00,000 ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹33,00,000 |

സ്വയംസഹായ സംഘങ്ങൾക്ക് ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിന് വേണ്ടിയാണ് മേൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനായി സംഘങ്ങൾ ബാങ്കുകളിൽ നിന്നും 4 ലക്ഷം രൂപ വീതം വായ്പയെടുക്കുന്നു. ഇതിൽ 3 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ബാക്ക് എൻഡഡ് സബ്സിഡിയായി ഓരോസംഘത്തിനും അവർ വായ്പയെടുത്ത ബാങ്കിലേക്ക് നൽകുന്നു. സ്വയംസഹായ സംഘങ്ങൾക്ക് ആസ്തികൾ വാങ്ങുന്നതിന് ധനസഹായം (വനിത) എന്ന പ്രോജക്ട് പ്രകാരമുള്ള ചെലവുകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്വയംസഹായസംഘത്തിന്റെ പേര് | ധനസഹായത്തിന്റെ ഉദ്ദേശ്യം | അനുവദിക്കുന്ന വായ്പ | ബിൽ നമ്പർ &തീയ്യതി |
|---|---|---|---|---|
| 1 | നാട്ടൊരുമ | ശിങ്കാരിമേളം തുടങ്ങുന്നതിന് | 3,00,000 | 12/18-19/26-02-19 |
| 2 | ഫാഷൻ പോയന്റ് | തയ്യൽ യൂണിറ്റ് | 3,00,000 | 9/18-19/24-12-18 |
| 3 | പാറോത്തുംചാൽ | പലഹാര യൂണിറ്റ് | 3,00,000 | 3/18-19/20-10-18 |
| 4 | ഗ്രാമ്യ | ഫ്ലോർ മിൽ | 3,00,000 | 3/18-19/20-10-18 |
| 5 | ആശ്രയ | തയ്യൽ യൂണിറ്റ് | 3,00,000 | 3/18-19/20-10-18 |

| | | | | |
|---|---|---|---|---|
| 6 | ഡ്രീംസ് | തയ്യൽ യൂണിറ്റ് | 3,00,000 | 11/18-19/25-01-19 |
| 7 | കൈരളി | വാദ്യോപകരണങ്ങൾ വാങ്ങുന്നതിന് | 3,00,000 | 13/18-19/14-03-19 |
| 8 | ചൈതന്യ | പലഹാരനിർമ്മാണ യൂണിറ്റ് | 3,00,000 | 13/18-19/14-03-19 |
| 9 | നവോദയ | ഗാർമെന്റ്സ് | 3,00,000 | 11/18-19/25-01-19 |
| 10 | കനിവ് | കാറ്ററിംഗ് യൂണിറ്റ് | 3,00,000 | 11/18-19/25-01-19 |
| 11 | ഹരിത | പേപ്പർബാഗ് നിർമ്മാണയൂണിറ്റ് | 3,00,000 | 8/18-19/22-11-18 |

മുകളിൽ കൊടുത്ത പ്രകാരം ആസ്തി വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായം ലഭ്യമായ സ്വയം സഹായസംഘങ്ങൾ അപേക്ഷയിൽ പറഞ്ഞിട്ടുള്ളത് പ്രകാരം സ്വയംസംരംഭങ്ങൾ തുടങ്ങി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ടോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 19/2018-19 തീയ്യതി : 22-10-2019 അന്വേഷിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. പദ്ധതിയുടെ വിശദമായ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. സംരഭങ്ങളുടെ നടത്തിപ്പ് തുടർപരിശോധനക്ക് വിധേയമാക്കേണ്ടതും മുകളിൽ കാണിച്ച പ്രകാരം സബ്സിഡി ലഭ്യമായ സംഘങ്ങൾ വായ്പാതുക കൃത്യമായി തിരിച്ചടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതും ആയത് പൂർത്തിയാകുന്ന മുറക്ക് സബ്സിഡി തുക ക്രമീകരിക്കാൻ ബാങ്കിനോടാവശ്യപ്പെടേണ്ടതാണ്. സംഘങ്ങൾ പദ്ധതി തുടർന്നു പോകാതെ വായ്പാതിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം സബ്സിഡി തുക ബാങ്കിൽ നിന്നു തിരികെ ഈടാക്കേണ്ടതാണ്.

## 1-15 കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇരിവേരിക്ക് സോളാർ പാനൽ സ്ഥാപിക്കൽ :നിലവിലെ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) |
| പ്രോജക്ട് നമ്പർ | 78 |
| പ്രോജക്ടിന്റ പേര് | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇരിവേരിക്ക് സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | ₹1,95,696 റോഡിതര സംരക്ഷണ ഗ്രാന്റ് |

| ചെലവ് | ₹ 1,95,696 ബിൽ നമ്പർ/തീയതി : 01/2018-19/23-07-2018 |
|---|---|

2016-17 വർഷം ആരംഭിച്ചതാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇരിവേരിക്ക് സോളാർ പാനൽ സ്ഥാപിക്കൽ എന്ന മേൽ പദ്ധതി. ഇത് 2017-18 വർഷത്തിലും 2018-19 വർഷത്തിലും സ്പിൽഓവറായി നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 2018-19 ൽ ₹1,95,696 റോഡിതര സംരക്ഷണ ഗ്രാന്റ് , ബിൽ നമ്പർ/തീയതി : 01/2018-19/23-07-2018 പ്രകാരം സി-ഡിറ്റിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്നോ പദ്ധതി പൂർത്തിയായി വൈദ്യുതി ഉത്പാദനം തുടങ്ങിയിട്ടുണ്ടെന്നോ ഉള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 17/2018-19 തീയ്യതി :22-10-2019ക്ക് പദ്ധതി പൂർത്തിയായിട്ടുണ്ടെന്നും മോണിട്ടറിംഗ് ചെയ്യാറുമുണ്ടെന്നും മറുപടി ലഭ്യമാക്കിയെങ്കിലും ഇതിനാധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നുറപ്പുവരുത്താനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-16 എച്ച്. എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നത് സംബന്ധിച്ച്

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഇരിവേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ , കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 173(എ) പ്രകാരം രൂപീകരിച്ചിട്ടുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ആശുപത്രിവികസനഫണ്ട് രൂപീകരിക്കേണ്ടതും ചട്ടം 9 പ്രകാരം പ്രസ്തുത ഫണ്ടിന്റെ കണക്കുകൾ എല്ലാ വർഷവും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇപ്രകാരം ഓഡിറ്റ് നടത്തുന്നതിനായി ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കാനും വരവ് ചെലവുകളുടെ സുതാര്യത ഉറപ്പാക്കാനുമുള്ള ഇടപെടൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# 1-17 പാലിയേറ്റീവ് കെയർ- ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രമില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പ്രൊജക്ട് നമ്പർ :26/19

പ്രൊജക്ടിന്റെ പേര് :പാലിയേറ്റീവ് കെയർ- ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ-

അടങ്കൽ : ₹11,55,600 വികസനഫണ്ട്

ചെലവ് : ₹11,55,600

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകളിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറുന്നതിന് വേണ്ടിയുള്ളതാണ് പ്രോജക്ട്. ഇതിനായി ₹ 11,55,600 വികസനഫണ്ട് വകയിരുത്തി താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുക | ബിൽ നമ്പർ&തീയ്യതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | കടമ്പൂര് | 1,54,000 | 4/18-19/07-09-18 |
| 2 | ചെമ്പിലോട് | 2,00,000 | 5/18-19/07-09-18 |
| 3 | കൊളച്ചേരി | 2,00,000 | 6/18-19/07-09-18 |
| 4 | പെരളശ്ശേരി | 1,50,000 | 10/18-19/29-09-18 |
| 5 | മുണ്ടേരി | 1,05,600 | 9/18-19/29-09-18 |
| ആകെ തുക | | ₹ 11,55,600 | |

തുക പഞ്ചായത്തുകളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കൊളച്ചേരി, പെരളശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ ചെലവു വിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-18 സി.എച്ച്.സി ഇരിവേരിയിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) |
| പ്രോജക്ട് നമ്പർ | 50/19 |
| പ്രോജക്ടിന്റെ പേര് | സി.എച്ച്.സി ഇരിവേരിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹5,70,400വികസനഫണ്ട് |
| ചെലവ് | ₹5,70,400 ബിൽ നമ്പർ/തീയതി : 03/2018-19/31-07-2018 |

സി.എച്ച്.സി ഇരിവേരിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി₹5,70,400 പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ₹2,37,573 നുള്ള മരുന്നുകൾ മാത്രമേ നാളിതുവരെയായി ലഭ്യമായിട്ടുള്ളൂ. ₹3,32,827 നുള്ള മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്. മുഴുവൻ തുകയ്ക്കുള്ളവ മരുന്നുകളും ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ലഭിച്ചുവെന്നുറപ്പു വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 ബാലസൗഹൃദ അംഗൻവാടി സജ്ജീകരിക്കുന്നതിന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രമില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.പി.ഒ, എടക്കാട് അഡീഷണൽ

പ്രൊജക്ട് നമ്പർ : 79/19

പ്രൊജക്റ്റിന്റെ പേര് :ബാലസൗഹൃദ അംഗൻവാടി സജ്ജീകരിക്കുന്നതിന് വിഹിതം നൽകൽ

അടങ്കൽ : ₹5,54,100 വികസനഫണ്ട്

ചെലവ് : ₹5,54,100 ബിൽ നമ്പർ 1/18-19/05-09-2018

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വിഹിതം കൈമാറുന്നതിന് വേണ്ടിയുള്ളതാണ് പ്രോജക്റ്റ്. ഇതിനായി ₹ 5,54,100 വികസനഫണ്ട് വകയിരുത്തി താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|---|
| 1 | കടമ്പൂര് | 1,54,000 |
| 2 | ചെമ്പിലോട് | 2,00,000 |
| 3 | കൊളച്ചേരി | 2,00,000 |
| ആകെ തുക | | ₹5,54,000 |

തുക പഞ്ചായത്തുകളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കടമ്പൂര് ,കൊളച്ചേരി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുക ചെലവഴിച്ചതിന്റെ വിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ചെലവഴിച്ച തുകയുടെ ലക്ഷ്യപൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്

## 1-20 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ , എൽ എസ് ജി ഡി

1) പൊതുവായ അപാകതകൾ

2017-18 സാമ്പത്തികവർഷം സ്പിൽഓവർ പ്രോജക്റ്റ് ഒഴികെ 34 മരാമത്ത് പ്രോജക്റ്റുകൾക്കാണ് അംഗീകാരം ലഭ്യമായിരിക്കുന്നത്. ആയതിൽ 17 പ്രോജക്റ്റ് ഒഴികെ മറ്റുള്ളവയെല്ലാം അസിസ്റ്റന്റ് എൻജിനിയറാണ് നിർവഹണം നടത്തിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 172ാം വകുപ്പ് 1ാം ഉപവകുപ്പ് 4ാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളും പരിപാലിക്കുക, സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടം നിർമിക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ. റോഡുകളുടെ പരിപാലനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിറവേറ്റത്തക്ക വിധത്തിലുള്ള പ്രവർത്തികളൊന്നും തന്നെ ഏറ്റെടുത്തതായി കാണുന്നില്ല. സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് പുതുതായി ഏറ്റെടുത്ത് നടത്തിയ 9 റോഡു പ്രവർത്തികളും ഗ്രാമപഞ്ചായത്തുകളുടെ ഉള്ളിലുള്ള റോഡുകളിലാണ് നടത്തിയിരിക്കുന്നത് G.O.M.S നമ്പർ 72/2017 ത.സ്വ.ഭ.വ .തി. 29-3-2017 ഖണ്ഡിക 12-10(4) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണെങ്കിലും സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ റോഡ് പ്രവർത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചതിൽ റോഡുകൾ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്നതിന്റെ രേഖകളും റോഡുകൾ 6 മീറ്റർ

വീതിയുള്ളതാണെന്നതിന്റെ രേഖകളും നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്) 11/2018/ത.സ്വ.ഭ.വ, തിരു. തീയതി:29.1.2018 നം.ഉത്തരവ് ഖ.7.13.4.i,ii പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്. ആയതിന് ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമായില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നം | പദ്ധതിയുടെ പേര് |
|---|---|---|
| 1 | 39/19 | കാഞ്ഞിരമുക്ക് - മൌവ്വഞ്ചേരി റോഡ് ടാറിംഗ് മുണ്ടേരി ഗ്രാമ പഞ്ചായത്ത് |
| 2 | 42/19 | കൊളച്ചേരി നാല് സെന്റ് കോളനി റോഡ് ടാറിംഗ് കൊളച്ചേരി ഗ്രാമ പഞ്ചായത്ത് |
| 3 | 43/19 | പൂവത്തുംതറ വാട്ടർ ടാങ്ക് ചാലിൽ പറമ്പ് റോഡ് ടാറിംഗ് ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് |
| 4 | 65/19 | കൊളച്ചേരി പറമ്പ് പഞ്ചായത്ത് കളിസ്ഥലം പാട്ടയം പള്ളി റോഡ് ടാറിംഗ്കൊളച്ചേരി ഗ്രാമ പഞ്ചയാത്ത് |
| 5 | 66/19 | ഇല്ലം വഴി തങ്കപ്പൻ പുറകു വശം റോഡ് ടാറിംഗ് പെരളശ്ശേരി ഗ്രാമപഞ്ചായത്ത് |
| 6 | 67/19 | പീറ്റക്കണ്ടി ചന്ദ്രൻ വീട് ക്വാർട്ടേർസ് റോഡ് ടാറിംഗ് ചെമ്പിലോട് ഗ്രാമപഞ്ചായത്ത് |

മേൽ അപാകങ്ങൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-21 നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്യൽ-കളക്ഷൻ തുക ഈടാക്കിയിട്ടില്ല

1996 ലെകേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1%തുക തൊഴിലാളി ക്ഷേമനിധി ഇനത്തിൽ ഈടാക്കുകയും അതിന്റെ ഒരു ശതമാനത്തിൽ കവിയാത്ത തുക കളക്ഷൻ ചാർജ്ജായി പഞ്ചായത്തിലേക്ക് ഈടാക്കാവുന്നതുമാണ്. എന്നാൽ എടക്കാട് ബ്ളോക്ക് പഞ്ചായത്തിൽ ക്ഷേമനിധി വിഹിതം ഈടാക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ ചാർജ്ജിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ഓഡിറ്റ് വർഷം കളക്ട് ചെയ്ത് നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/24.10.19) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഒരു ശതമാനം കളക്ഷൻ ചാർജ് കുറവ് ചെയ്ത തുക പഞ്ചായത്തിൽ അടവാക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 1-22 ഇ ടെൻഡർ - ടെൻഡർ ഫോറങ്ങളുടെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷം ഇ ടെൻഡർ മുഖേന ടെൻഡർ ചെയ്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫോമുകളുടെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് .ആയതിനാൽ ടെൻഡർ ഫോറങ്ങളുടെ വില ഇനത്തിൽ ഓഡിറ്റ് വർഷം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള ( ട്രാൻസ്ഫർ ക്രെഡിറ്റ് ) തുക ബ്ലോക്ക് പഞ്ചായത്തിന് ഓഡിറ്റ് വഷം ലഭിച്ചിട്ടില്ല .ആയത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇ ടെൻഡർ - ടെൻഡർ ഫോറങ്ങളുടെ വില സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/24.10.19) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 സുജലം പദ്ധതി-ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കൽ, നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ,കയർ ഭൂവസ്ത്രമുപയോഗിച്ച് തോടുകൾ സംരക്ഷിക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി "സുജലം" എന്ന പേരിൽ തയ്യാറാക്കിയ സംയുക്ത പ്രോജക്ടിന്റെ (പ്രോജക്ട് നം.88/19-) ഭാഗമായി കൊളച്ചേരി ഗ്രാമപഞ്ചായത്തിന് 200000/- രൂപയും (ബിൽ നം.10/2018-19 തീയതി.23.07.2018), ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് 100000/- രൂപയും (ബിൽ നം.17/2018-19 /6.09.2018) അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ച തുക പൂർണമായും ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 ദിവസവേതനം-ജീവനക്കാരുടെ മസ്റ്റർ റോൾ സൂക്ഷിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് വാഹനത്തിന്റെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡ്രൈവർക്ക് വേതനം അനുവദിക്കുന്ന ഘട്ടത്തിൽ വൗച്ചറുകളോടൊപ്പം ടിയാന്റെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഹാജരാക്കുന്നില്ല. ആയതിനാൽ അനുവദിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല. വേതനം അനുവദിക്കുന്ന വേളയിൽ നിർബന്ധമായും മസ്റ്റർ റോൾ ലഭ്യമാക്കേണ്ടതും വൗച്ചറിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

## 1-25 തൊഴിലുറപ്പു പദ്ധതി- പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ തുക തിരികെ ഒടുക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി(EAS) നടപ്പാക്കുന്നതിനായി ഗ്രാമവികസന വകുപ്പ് വർഷങ്ങൾക്ക മുൻപേ അനുവദിച്ച തുകയിൽ 31.03.2019 ന് 173170 രൂപ നീക്കിയിരിപ്പുണ്ട്.പ്രസ്തുത പദ്ധതി സർക്കാർ നിർത്തലാക്കുകയും തൊഴിലവസരം സൃഷ്ടിക്കുന്നതിനായി ഇപ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കി വരുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതു കാരണം കേരള ഗ്രാമീണ ബാങ്ക് ചാല ശാഖയിലുള്ള അക്കൗണ്ട് നം. 40402100006765 ൽ വർഷങ്ങളായി പലിശയിനത്തിലുള്ള വരവ് അല്ലാതെ മറ്റ് ഇടപാടുകളൊന്നും ഇല്ല.. പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# 1-26 "ഭവനനിധി" പദ്ധതി- പ്രായോഗികത പരിശോധിക്കേണ്ടതാണ്.

പ്രാദേശികമായി വിഭവ സമാഹരണം നടത്തി IAY ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് ഗ്രാമവികസന കമ്മീഷണറുടെ നിർദ്ദേശ പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിൽ രൂപീകരിച്ച "ഭവന നിധി" അക്കൗണ്ടിൽ 2018-19 അവസാനിക്കുമ്പോൾ 7854/- രൂപ നീക്കിയിരിപ്പുണ്ട്. ഓഡിറ്റ് വർഷം ഈ ഇനത്തിൽ വരവോ ചെലവോ ഇല്ല. പ്രാദേശകമായി ധനസഹായം ലഭ്യമാകുന്നതിനും തുക ഉദ്ദിഷ്ട കാര്യത്തിന് വിനിയോഗിക്കുന്നതിനുമുള്ള സാധ്യതകൾ ഭരണ സമിതി പരിശോധിക്കേണ്ടതാണ്.

# 1-27 പരസ്യ ചാർജ്- അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്.

എം.പി.ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള മരാമത്ത് പ്രവൃത്തിയുടെ ഇ-ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതിന് മാതൃഭൂമി ദിനപത്രത്തിന് വൗച്ചർ നം. 21800146/16.07.2019 പ്രകാരം 4505/-രൂപ അനുവദിച്ചിട്ടുണ്ട്.ജി.ഒ(ആർ.ടി) നം.1/2011/I & PRD തീയതി.4.01.2011, ജി.ഒ(ആർ.ടി) നം.551/2015/I & PRD തീയതി.20.11.2015 എന്നീ ഉത്തരവുകൾ പ്രകാരം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. ഈ ആനുകൂല്യത്തിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും അർഹതയുണ്ട്. ദേശാഭിമാനി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച പരസ്യങ്ങൾക്ക് ഇപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടുള്ളതായും കാണുന്നു. പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് പരസ്യചാർജ് ഇനത്തിൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-28 വ്യവസായ കേന്ദ്രം-വസ്തുനികുതി- ആവശ്യമായ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്

കോയ്യോട് മിനി വ്യവസായ കേന്ദ്രത്തിന്റെ കെട്ടിടനികുതി (368 A മുതൽ E വരെയും 361 A മുതൽ F വരെയുമുള്ള കെട്ടിടങ്ങളുടെ) യായി 34253/- രൂപ വൗച്ചർ നം. 21800456/25.02.2019 പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് ഒടുക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 207(എച്) വകുപ്പ് താഴെ പറയും പ്രകാരമാണ്.

" ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടു കൊടുത്ത സ്ഥാപനത്തോട് അനുബന്ധിച്ച കെട്ടിടങ്ങളും വകുപ്പ് 203 പ്രകാരം ചുമത്താവുന്ന വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്."

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മേൽ വകുപ്പ് പ്രകാരമുള്ള ഒഴിവാക്കലുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ ഉൾപ്പെടുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് അറിയിച്ചതായി വ്യക്തമാക്കുകയുണ്ടായി. ഈ വിശദീകരണം നിയമസാധുതയുള്ളതായി കാണുന്നില്ല. ഇക്കാര്യത്തിൽ വകുപ്പ് അധികൃതരിൽ നിന്ന് ആവശ്യമായ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

# 1-29 ആദായനികുതി ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് അനുവദനീയമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ആദായനികുതിയുടെ ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള പ്രൊഫഷണൽ ചാർജ് ഇനത്തിൽ താഴെ പറയുന്ന തുകകൾ വിവിധ പ്രൊഫഷണൽ ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട്.

| കാലയളവ് | തുക | വൗച്ചർ നംപർ/തീയതി | സ്ഥാപനം |
|---|---|---|---|
| ഒക്ടോബർ 2018 മുതൽ ഡിസമ്പർ 2018 | 2360 | 21800593/20.3.2019 | ജേക്കബ് & ജോർജ് , ചാർട്ടേഡ് അക്കൗണ്ടന്റ്സ് |
| ക്വാർട്ടർ 2 | 1460 | 21800357/11.12.2018 | പി.കെ.അസോസിയേറ്റ്സ് |
| ക്വാർട്ടർ 3 | 1960 | 21800549/28.02.2019 | പി.കെ.അസോസിയേറ്റ്സ് |
| ക്വാർട്ടർ 4 | 3360 | 21800275/28.09.2018 | പി.കെ.അസോസിയേറ്റ്സ് |

സ്ഥാപനത്തിന്റെ ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യുക എന്നത് സ്ഥാപനമേധാവിയുടെ/ ഡി.ഡി.ഒ.മാരുടെ വ്യക്തി പരമായ ഉത്തരവാദിത്തമാണ്. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ആവശ്യമായ പരിശീലനവും ഡി.ഡി.ഒ.മാർക്ക് നൽകിവരുന്നുണ്ട്. ആഫീസിൽ ലഭ്യമായ ഇന്റർനെറ്റ് സംവിധാനം ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നിശ്ചിത നിരക്കിലുള്ള അപ് ലോഡിങ്ങ് ഫീ ചെലവാക്കാൻ സർക്കാർ അനുമതിയുണ്ട്. എന്നാൽ ഡാറ്റാ എൻട്രി, കൺവെൻഷൻ ചാർജ് തുടങ്ങിയ ചെലവുകൾ അനവദനീയമല്ല. ഇത്തരം ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

# 1-30 പെരളശ്ശേരി വാതക ശ്മശാനം-പശ്ചാത്തല സൗകര്യം ഏർപ്പെടുത്തൽ- പ്രോജക്ടിന്റെ പൂർത്തീകരണം സംബന്ധിച്ച്

പ്രോജക്റ്റ് നം.150/2019

അടങ്കൽ --1250000 (വികസന ഫണ്ട്)

ബിൽ നം. 27/2018-19 dt. 31.12.2018- 12,50,000/-രൂപ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ഈ സംയുക്ത പ്രോജക്റ്റിന്റെ ഭാഗമായി 1250000/- രൂപ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ സ്പെഷൽ ടി.എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായി.വാതക ശ്മശാനത്തിന് ചുറ്റുമതിൽ, സ്റ്റെപ്പ്, ചുറ്റുമതിൽ, സെക്യൂരിറ്റി കേബിൻ,വാട്ടർ ടാങ്ക് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്. പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 1.6.2019 ലെ കത്ത്

പ്രകാരം പ്രോജക്ടിന്റെ നിർവഹണം പൂർത്തിയായിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണം വിലയിരുത്തേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

# 1-31 ലൈഫ് മിഷൻ- ബ്ലോക്ക് വിഹിതമായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച്-

2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം 12/2018 - 19 ) ലൈഫ് മിഷന് (പൊതുവിഭാഗം) ഉള്ള ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി താഴെ പറയുന്ന പ്രകാരം തുകകൾ ബ്ലോക്ക് പരിധിയിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|
| മുണ്ടേരി | 587500 |
| പെരളശ്ശേരി | 1579685 |
| കടമ്പൂർ | 1858452 |
| ചെമ്പിലോട് | 2694756 |
| കൊളച്ചേരി | 1672607 |
| ആകെ | 8393000 |

ലൈഫ് മിഷൻ (പട്ടികജാതി വിഭാഗം) എന്ന പ്രോജക്ട് നം.14/2018-19 ന്റെ ഭാഗമായി

ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയുന്ന പ്രകാരവും തുകകൾ അനുവദിച്ചിട്ടുണ്ട്.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|
| കടമ്പൂർ | 463067 |
| കൊളച്ചേരി | 231533 |
| ആകെ | 694600 |

പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗം നിരീക്ഷിക്കേണ്ടതും വിനിയോഗവിവരങ്ങൾ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കേണ്ടതുമാണ്.

# 1-32 ഇലക്ട്രിക്ക്/ഇലക്ട്രോണിക് ഉപകരണങ്ങൾ- വാങ്ങലുകളും സർവീസിങ്ങും സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനം എന്ന പ്രോജക്ടിന്റെ (നം.S.O 70/2019) ഭാഗമായി കംപ്യൂട്ടർ, പ്രിന്റർ, ഓഡിറ്റോറിയത്തിലെ ഉപയോഗത്തിനായി യു.പി.എസ്.ബാറ്ററി തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. PWD ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സാധനങ്ങൾ തുറന്ന ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങിയിട്ടുള്ളത്.

സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഇത്തരം വാങ്ങലുകൾക്ക് സാധുതയുണ്ട്. എങ്കിലും സർക്കാർ നിയന്ത്രിതമായ "ജെം" (GeM) പോർട്ടൽ വഴി ഇലക്ട്രോണിക്സ് സാധനങ്ങൾ വാങ്ങാവുന്നതാണ്. ഗുണനിലവാരമുള്ള ഉല്പന്നങ്ങളും താരതമ്യേന കുറഞ്ഞ വിലയും കാര്യക്ഷമമായവില്പനാനന്തര സേവനവും "GeM" വഴിയുള്ള വാങ്ങലുകൾക്ക് സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ട്.(ജി.ഒ (എം.എസ്).2/2018/എസ്.പി.ഡി തീ: 20.03.2018, ജി.ഒ.(പി) നം. 7/2019 / എസ്.പി.ഡി തീ: 26.04.2019 ഇവ കാണുക). ഈ സൗകര്യം പ്രയോജനപ്പെടുത്തുന്ന കാര്യം ഭരണ സമിതി ചർച്ച ചെയ്യേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഇലക്ട്രിക്ക്/ഇലക്ട്രോണിക് ഉപകരണങ്ങൾ, കംപ്യൂട്ടർ ഹാർഡ് വെയറുകൾ/സോഫ്റ്റ് വെയറുകൾ മുതലായവയുടെ വാറണ്ടി കാലയളവിനു ശേഷമുള്ള റിപ്പയറിങ്ങിനും സർവീസിങ്ങിനുമായി വിവിധ അവസരങ്ങളിലായി വലിയതുക തന്നെ ചെലവഴിക്കേണ്ടിവരുന്നുണ്ട്.സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ:9.63,9.72 എന്നിവയിൽ അനുശാസിക്കുന്ന വിധത്തിൽ ഈ ഉപകരണങ്ങളുടെ വാർഷിക പരിപാലനത്തിനുള്ള കരാറിൽ എർപ്പെടാവുന്നതാണ്. തുടർച്ചയുള്ളതും ഗുണനിലവാരമുള്ളതുമായ സേവനം ഇതിലൂടെ ഉറപ്പുവരുത്താൻ കഴിയുന്നതാണ്. ഇതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06.08.2019 - 07.08.2019 | KSA/KNR/C6/1341/2019 dt. 22.08.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2016-17 | 560000 | CÃ | 560000 |
| പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 2018-19 | 2212332 | 1500000 | 712332 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2018-19 | 1200000 | | 1200000 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിരനിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 30618/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 ഇന്റേണൽ ഓഡിറ്റ് | 6 | 9000 | എം അനിൽകുമാർ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് (റിട്ടയേർഡ് ) | 1256/17 dt. 06.07.18 |
| 2017-18 ഇന്റേണൽ ഓഡിറ്റ് | 6 | 9000 | എം അനിൽകുമാർ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് (റിട്ടയേർഡ് ) | 1256/17 dt. 06.07.18 |
| 2017-18 ഇന്റേണൽ ഓഡിറ്റ് | 15 | 1050 | എം അനിൽകുമാർ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് (റിട്ടയേർഡ് ) | 1256/17 dt. 06.07.18 |
| 2017-18 ഇന്റേണൽ ഓഡിറ്റ് | 8 | 2100 | കെ ചന്ദ്രൻ ഡ്രൈവർ (ദിവസ വേതനം) | 1256/26 dt. 17.08.18 |
| 2017-18 ഇന്റേണൽ ഓഡിറ്റ് | 2 | 4796 | നളിനാക്ഷൻ ഓഫീസ് അറ്റന്റന്റ് | 0963280 dt. 24.10.18 |
| 2006-07 പെർഫോമൻസ് ഓഡിറ്റ് | 11 | 3562 | ടി കെ രാജൻ പി ഡബ്ല്യൂ ഡി കോൺട്രാക്ടർ | 1256/30 dt. 07.11.18 |
| 1998-99 ലോക്കൽ ഫണ്ട് ഓഡിറ്റ് | 18 | 396 | ഗോപാലൻ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് (റിട്ടയേർഡ് ) | 0963303 dt. 07.12.2018 |
| 2009-10 ലോക്കൽ ഫണ്ട് ഓഡിറ്റ് | 3.4 | 714 | നെല്ലിയാട്ട് രാഘവൻ മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | 0963356 dt. 13.03.19 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത ഓഡിറ്റ് | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട് വർഷം | | | | | |
| 2003-04 | 4-12 | 1999-00 | 30 | ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയിച്ചില്ല | പരാമർശം നിലനിൽക്കുന്നു |

# 4-9 ചാർജ് /സർചാർജ്നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72310407 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59440740 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1896140 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം-**ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1896140 | സുലേഖ ടി.എസ്. CDPO |
| ആകെ | 1896140 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുലേഖ ടി.എസ്, സി.ഡി.പി.ഒ | സി.ഡി.പി.ഒ, എടക്കാട് ബ്ലോക്ക് | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 6 |
| 1999-00 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 1 |
| 2002-03 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 1 |
| 2005-06 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 3 |
| 2006-07 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 3 |
| 2007-08 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 3 |
| 2008-09 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 15 |
| 2009-10 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 15 |
| 2010-11, 2011-12 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 22 |
| 2012-13,2013-14, 2014-15 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 3 |
| 2015-16 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/1969/2017 തീ.22-12-2017 | 8 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/30/2019 തീ.17-01-2019 | 15 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ/കെ.എൻ.ആർ/സി.6/1686/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തിയതി: 17.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീറ്റ് & പെയ്മെന്റ്സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Edakkad Block Panchayat<br>RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13666503.00 |
| Cash | Cash | RP-40(a) | 57874.00 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 31000.00 |
| 140000000 | Fees & User Charges | RP-4 | 56011.00 |
| 150000000 | Sale & Hire Charges | RP-5 | 47044.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52865164.00 |
| 171000000 | Interest Earned | RP-9 | 304.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3724085.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 55708.00 |
| 340000000 | Deposits Received | RP-34 | 628777.00 |
| 350000000 | Other Liabilities | RP-36 | 148173.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1029764.00 |
| | Grand total | | 72310407.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2313954.00 |
| 220000000 | Administrative Expenses | RP-12 | 794138.00 |
| 230000000 | Operations & Maintenance | RP-13 | 507735.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11586696.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 26867491.00 |
| | | | |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5336493.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 89023.00 |
| 255000000 | Maintenance Projects | RP-20 | 1117341.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 3.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 305500.00 |
| 280000000 | Prior Period item | RP-26 | -19764.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 832.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3.00 |
| 340000000 | Deposits Received | RP-34 | 137468.00 |
| 350000000 | Other Liabilities | RP-36 | 124415.00 |
| 410000000 | Fixed Assets | RP-38 | 3840454.00 |
| 412000000 | Capital work in Progress | RP-40 | 6438958.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12869667.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 72310407.00 |

## അനുബന്ധം-2-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

Edakkad Block Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 857059.00 |
| 140000000 | Fee & User Charges | I-4(b) | 56011.00 |
| 150000000 | Sale & Hire Charges | I-5(b) | 47044.00 |
| 160000000 | Revenue Grants, Funds, Contributions & | I-6 | 55271562.00 |

| | | | |
|---|---|---|---|
| | Compensations / Subsidies | | |
| 171000000 | Interest Earned | I-8 | 304.00 |
| 180000000 | Other Income | I-9 | 55708.00 |
| | Total Income | | 56287688.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2313954.00 |
| 220000000 | Administrative Expenses | I-11(b) | 794138.00 |
| 230000000 | Operations & Maintenance | I-12(b) | 507735.00 |
| 240000000 | Interest & Finance Charges | I-13 | 3.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11586696.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 26867491.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5336493.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 89023.00 |
| 255000000 | Maintenance Projects | I-14(e) | 1117341.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 3.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 305500.00 |
| 272000000 | Depreciation | I-17(a) | 5025512.00 |
| | Total Expenditure | | 53943889.00 |
| | Gross Surplus/ Deficit of income over Expenditure | | 2343799.00 |
| 280000000 | Prior Period Item | I-18 | -19764.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2363563.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| | | |
|---|---|---|
| | Edakkad Block Panchayat | |

| | BALANCE SHEET<br>As on 31-March-2019 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 2350420.00 |
| 312000000 | Reserves | B-3 | 62293068.00 |
| | Total Reserve & Surplus | | 64643488.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5800208.00 |
| | Total Grants, Contributions for Specific Purposes | | 5800208.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1526190.00 |
| 350000000 | Other Liabilities | B-9 | 37432.00 |
| | Total Current Liabilities and Provisions | | 1563622.00 |
| | TOTAL LIABILITIES | | 72007318.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 67240351.00 |
| 411000000 | Accumulated Depreciation | B-11 | -16031838.00 |
| 412000000 | Capital Work in Progress | B-11(a) | 7167400.00 |
| | Total Fixed Assets | | 58375913.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 761738.00 |
| 450000000 | Cash and Bank Balance | B-17 | 12869667.00 |
| 460000000 | Loans, Advances and Deposits | B-18 | 0.0 |
| | Total Current Assets, Loans and Advances | | 13631405.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 72007318.00 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**